**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **10-08-2023 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള വെർച്ചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത സെന്ററുകൾ സ്ഥാപിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി നൽകാൻ തയ്യാറാണെന്ന് മണ്ഡലത്തിൽ നിന്നും വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വെർച്ചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ മണ്ഡലത്തിലെ ഹാൾ സൗജന്യമായി നൽകാമെന്ന് എം.എൽ.എ അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത സെന്ററുകൾ ഇല്ലെങ്കിൽ അത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 2/11/2022 തീയതിയിൽ എല്ലാ MLAമാർക്കും വകുപ്പ് മന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. 31 എം.എൽ.എ.മാർ നിലവിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ